ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 08.09.2026

## പ്രധാനവാർത്തകൾ

1) അത്യാധുനിക ട്രെയിൻ - മെട്രോ കോച്ച് നിർമാണത്തിലൂടെ ഇന്ത്യ ആഗോള നിർമ്മാണ ഹബ്ബായി മാറിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി അൽപസമയത്തിനകം മുംബൈയിൽ നിർവഹിക്കും.

2) ദേശീയപാതകളിലെ അപകടങ്ങൾ ഇല്ലാതാക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ച് സംസ്ഥാനസർക്കാർ. കമ്മിറ്റികൾ മൂന്ന് ദിവസത്തിനകം നിലവിൽ വരുമെന്ന് മന്ത്രി പി.കെ. ബഷീർ.

3) സി.എം.ആർ.എൽ പണമിടപാട് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവർക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് ഡി.ജി.പിക്ക് റിപ്പോർട്ട് നൽകി എൻഫോഴ്‌സ്മെന്റ് ഡയറക്ടറേറ്റ്. ആഭ്യന്തര സെക്രട്ടറി ഇക്കാര്യം പരിശോധിക്കുമെന്ന് മന്ത്രി രമേശ് ചെന്നിത്തല.

PIU TVPM

4) പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള സ്പോൺസർഷിപ്പ് പദ്ധതിയുടെ മാർഗനിർദേശങ്ങൾ പുറത്തിറക്കി കെഎസ്ആർടിസി.

5) സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദ്ദേശം നൽകി ദുരന്ത നിവാരണ അതോറിറ്റി.

6) 47ാമത് കേരള പോലീസ് സ്റ്റേറ്റ് അത്ലറ്റിക്സ് - ഗെയിംസ് മീറ്റിന് തിരുവനന്തപുരത്ത് തുടക്കമായി.

******************

<u>പ്രധാനമന്ത്രി - ഇൻട്രോ</u>

RNU TVPM

അത്യാധുനിക ട്രെയിൻ - മെട്രോ കോച്ച് നിർമാണത്തിലൂടെ ഇന്ത്യ ആഗോള നിർമ്മാണ ഹബ്ബായി മാറിയിരിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുജറാത്തിലെ വഡോദരയിൽ 35,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. വെസ്റ്റേൺ സമർപ്പിത ചരക്ക് ഇടനാഴിയുടെ പൂർത്തിയായ മൂന്ന് ഭാഗങ്ങൾ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. ഗതാഗത മേഖലയിലെ നവീകരണം ഇന്ത്യയുടെ ചരക്ക് നീക്കത്തിൽ സമഗ്ര മാറ്റം കൊണ്ടുവരുമെന്നും, രാജ്യത്തിൻറെ വികസന പ്രവർത്തനങ്ങളുടെ ജീവനാഡിയായി ചരക്ക് ഇടനാഴി മാറുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

ചടങ്ങിൽ വിവിധ റെയിൽവേ, ദേശീയപാത വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചു. മുംബൈയിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2026 ൻറെ ഉദ്ഘാടനം അദ്ദേഹം അൽപസമയത്തിനകം നിർവഹിക്കും.

******************

## പി.കെ. ബഷീർ-അവലോകന യോഗം

ദേശീയപാതകളിലെ അപകടങ്ങൾ ഇല്ലാതാക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മൂന്ന് ദിവസത്തിനകം പ്രത്യേക കമ്മിറ്റികൾ നിലവിൽ വരുമെന്ന് പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ. ഓരോ ജില്ലയിലെയും ദേശീയപാത നിർമാണവും സുരക്ഷയും കമ്മിറ്റി വിലയിരുത്തും. റോഡപകടങ്ങളിലൂടെയുള്ള ജീവഹാനി ആവർത്തിക്കാതിരിക്കാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത അടിയന്തര യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ഡിജിപി, ട്രാൻസ്പോർട്ട് കമ്മീഷണർ, എൻഎച്ച്എഐ സംസ്ഥാന മേധാവി, റോഡ് സേഫ്റ്റി അതോറിറ്റി ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

******************

## രമേശ് ചെന്നിത്തല (ഇൻട്രോ)

പോലീസ് ഉദ്യോഗസ്ഥർക്കിടയിലെ കായിക ശേഷി, ശാരീരിക ക്ഷമത ,അച്ചടക്കം എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് പോലീസ് മീറ്റുകളുടെ ലക്ഷ്യമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. 47ാമത് കേരള പോലീസ് സ്റ്റേറ്റ് അത്ലറ്റിക്സ് - ഗെയിംസ് മീറ്റ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലഹരിക്കെതിരായ പോരാട്ടം ശക്തമാക്കുന്നതിന്റെ ഭാഗമായി YES TO SPORTS NO TO DRUGS എന്ന സന്ദേശം മുൻ നിർത്തിയാണ് ഈ വർഷത്തെ പോലീസ് മീറ്റ് നടത്തുന്നതെന്ന് മന്ത്രി പറഞ്ഞു. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലുമായാണ് മത്സരങ്ങൾ നടക്കുന്നത്.

(ഹോൾഡ് വോയിസ് )

******************

## സി.എം.ആർ.എൽ

സി.എം.ആർ.എൽ - എക്സാലോജിക് പണമിടപാട് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻ, മകൾ വീണ, മകളുടെ ഭർത്താവും

RNU TVPM

മുൻമന്ത്രിയുമായ പി.എ. മുഹമ്മദ് റിയാസ് തുടങ്ങിയവർക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് ഡി.ജി.പിക്ക് റിപ്പോർട്ട് നൽകി എൻഫോഴ്‌സ്മെന്റ് ഡയറക്ടറേറ്റ്. അഴിമതി തടയൽ നിയമപ്രകാരം കേസെടുക്കണമെന്നാണ് നിർദ്ദേശം. ഓരോരുത്തർക്കും കുറ്റകൃത്യത്തിലുള്ള പങ്ക് റിപ്പോർട്ടിൽ പറയുന്നുണ്ട്.

******************

## സിഎംആർഎൽ - പ്രതികരണം

സി.എം.ആർ.എൽ-എക്സാലോജിക് പണമിടപാട് കേസിൽ എൻഫോഴ്സ് ഡയറക്ട്രേറ്റ് നൽകിയ കത്ത് തള്ളികളയാൻ സാധിക്കില്ലെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. മുൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടേ ഉള്ളവർക്ക് എതിരെ കേസ് എടുക്കണം എന്ന ആവശ്യത്തിൽ ആഭ്യന്തര സെക്രട്ടറി പരിശോധിച്ചു റിപ്പോർട്ട് നൽകും. ആവശ്യമെങ്കിൽ നിയമോപദേശം തേടുമെന്നും ശ്രീ രമേശ് ചെന്നിത്തല അറിയിച്ചു. അതെസമയം, ഇ ഡി നിർദേശത്തിൽ പിണറായി വിജയൻ ഉൾപ്പെടെയുള്ളവർക്കെതിരെ സംസ്ഥാന സർക്കാർ ഉടൻ കേസെടുക്കണമെന്ന് BJP നേതൃത്വം ആവശ്യപ്പെട്ടു. കേസ് എടുത്തില്ലെങ്കിൽ പ്രതിഷേധത്തിലേക്ക് നീങ്ങുമെന്ന് ബിജെപി ദേശീയ നിർവാഹക സമിതി അംഗം പി കെ കൃഷ്ണദാസ് അറിയിച്ചു.

RNUTVPM

******************

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് ഇന്ന് വൈകുന്നേരം 6.30-നും 12.30-നും ഇടയിൽ ഭാഗിക വൈദ്യുതി നിയന്ത്രണത്തിനു സാധ്യതയെന്ന് KSEB . വൈദ്യുതി ഉപയോഗം വർധിച്ചതും, വൈദ്യുതിയുടെ ലഭ്യതക്കുറവുമാണ് നിയന്ത്രണത്തിന് കാരണമായി പറയുന്നത്.

******************

## കെഎസ്ആർടിസി

പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള സ്പോൺസർഷിപ്പ് പദ്ധതിയുടെ മാർഗനിർദേശങ്ങൾ കെഎസ്ആർടിസി പുറത്തിറക്കി. കാലാവധി പൂർത്തിയാക്കിയ വാഹനങ്ങൾക്ക് പകരം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പുതിയ ബസുകൾ ഇതിലൂടെ സ്പോൺസർ ചെയ്യാം. CSR ഫണ്ടുകൾ

ഉപയോഗിച്ചും ബസുകൾ സംഭാവന നൽകാവുന്നതാണ്. വാഹനങ്ങൾ നേരിട്ട് വാങ്ങി നൽകുകയോ അതിനായുള്ള തുക കോർപറേഷന് കൈമാറുകയോ ചെയ്യാം. സാമ്പത്തിക സഹായമായാണ് നൽകുന്നതെങ്കിൽ ടെൻഡർ നടപടികളിലൂടെ കെഎസ്ആർടിസി തന്നെ വാഹനം വാങ്ങും.

******************

## ആറന്മുള വള്ളസദ്യ (ഇൻട്രോ)

ഈ വർഷത്തെ ആറന്മുള വഴിപാടു വള്ളസദ്യ ബുക്കിംഗ് നാളെ അവസാനിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ് ശ്രീധർ..**

(ഹോൾഡ്)

******************

## ഹിന്ദ്ലാബ്സ് - വാർഷികം

മുതിർന്ന പൗരന്മാർക്കുള്ള ലബോറട്ടറി പരിശോധനകൾക്ക് നാളെ മുതൽ അടുത്തമാസം 6 വരെ പ്രത്യേക ഇളവ് പ്രഖ്യാപിച്ച് തിരുവനന്തപുരത്തെ ഹിന്ദ്ലാബ്സ് ഡയഗ്നോസ്റ്റിക് സെന്റർ ആൻഡ് സ്പെഷ്യാലിറ്റി ക്ലിനിക്. പത്താം വാർഷികത്തോടനുബന്ധിച്ച്, അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യ ഇ.സി.ജി, പാപ്പ് മിയർ പരിശോധനകളും ലഭ്യമാക്കും. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ കീഴിലുള്ള സ്ഥാപനമാണ് ഹിന്ദ്ലാബ്സ്.

RNU TVPM

******************

## ദേശീയ ചലച്ചിത്ര പുരസ്കാരം

72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ ഈ മാസം 22-ന് രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. ഗുജറാത്തിലെ ഏക്താ നഗറിലാണ് സമ്മാന വിതരണം സംഘടിപ്പിച്ചിരിക്കുന്നത്. 'ഭ്രമയുഗം ' എന്ന ചിത്രത്തിലെ അഭിനയത്തിന് മമ്മൂട്ടി മികച്ച നടനുള്ള പുരസ്കാരം ഏറ്റുവാങ്ങും.

******************

## കാലാവസ്ഥ

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഇന്നും നാളെയും താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ

ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. മറ്റന്നാൾ മുതൽ ശനിയാഴ്ച്ച വരെ ഒറ്റപ്പെട്ട മഴയ്ക്കും സാധ്യതയുണ്ട്. ആലപ്പുഴ , എറണാകുളം ജില്ലകളിൽ മറ്റന്നാൾ മഞ്ഞ ജാഗ്രതയാണ്.

******************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 555 പോയിന്റ് ഇടിഞ്ഞ് 75,578 ലും നിഫ്റ്റി 144 പോയിന്റ് നഷ്ടത്തിൽ 23,635 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവില കൂടി. പവന് 880 രൂപ വർധിച്ച് ഒരു ലക്ഷത്തി 13,920 രൂപയും ഗ്രാമിന് 14,240 രൂപയുമാണ് ഇന്നത്തെ വില.

******************

## യങ് ലീഡേഴ്സ് ഡയലോഗ്

'വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചതായി മേരാ യുവ ഭാരത് സംസ്ഥാന ഡയറക്ടർ അഭയ് ശങ്കർ എസ് ആർ. 15 നും 29 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്ക് ഈ മാസം 30 വരെ നടക്കുന്ന ക്വിസിൽ പങ്കെടുക്കാൻ അവസരമുണ്ട്. 2027 ജനുവരി

10 മുതൽ 12 വരെ ന്യൂഡൽഹിയിൽ നടക്കുന്ന ദേശീയ മത്സരത്തിൽ പങ്കെടുക്കാൻ വിജയികൾക്ക് അവസരം ലഭിക്കും.

RNU TVPM

******************

## പോഷൺ മാ 2026

പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി 'പോഷൺ മാ 2026' സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ നാളെ കൊല്ലത്ത് നിർവഹിക്കും. കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാർ എന്നിവരുടെ പോഷക സുരക്ഷ ഉറപ്പാക്കുകയാണ് പോഷൺ മാസാചരണത്തിൻറെ പ്രധാന ലക്ഷ്യം.

******************

## മന്ത്രി അനൂപ് ജേക്കബ്

തിയേറ്ററുകളിലും പൊതു വിപണിയിലും ഉത്പന്നങ്ങളുടെ അളവിലും തൂക്കത്തിലും വിലയിലും വ്യത്യാസം വരുത്തി കച്ചവടം നടത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്. പിറവത്ത് പഞ്ചായത്ത്, നഗരസഭാതല ഓട്ടോറിക്ഷ

ഫെയർ മീറ്റർ പരിശോധനാ ക്യാമ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

******************

<u>മന്ത്രി എൻ. ഷംസുദ്ദീൻ</u>

നിർമിത ബുദ്ധിയുടെയും , ഇന്റർനെറ്റ്

യുഗത്തിന്റെയും  വേഗത്തിനൊപ്പം അധ്യാപക സമൂഹവും വെല്ലുവിളികൾ ഏറ്റെടുത്ത് മുന്നോട്ട് പോകണമെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ. തുടർച്ചയായ പഠനം എല്ലാവർക്കും ആവശ്യമാണെന്നും  അധ്യാപകരേയും,

വിദ്യാർത്ഥികളേയും  വിശ്വാസത്തിലെടുത്ത് മുന്നോട്ട് പോകാനാണ് സർക്കാർ ശ്രമമെന്നും തിരുവനന്തപുരത്ത് സീമാറ്റ്-കേരള സംഘടിപ്പിച്ച പ്രഥമ അധ്യാപകർക്കുള്ള റസിഡൻഷ്യൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകൊണ്ട് അദ്ദേഹം പറഞ്ഞു.

******************

**************

***

RNC TVPM